**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4695** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ ചേർന്ന് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള എന്ന സംഘടന രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഘടന സർക്കാരിന്റെ അംഗികാരത്തോടെയാണോ പ്രവർത്തിക്കുന്നത്; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | വിരമിച്ച ഉദ്യോഗസ്ഥർ ചേർന്ന് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള എന്ന സംഘടന രൂപീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടന സമർപ്പിച്ച രേഖകൾ പ്രകാരം 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് എന്ന നിയമമനുസരിച്ച് 811/1987 നമ്പരായി 1987-ൽ രജിസ്റ്റർ ചെയ്ത ഒരു സംഘടനയാണ്. |
| (ബി) | പ്രസ്തുത സംഘടനയുടെ ഭാരവാഹികളുടെയും അംഗങ്ങളുടെയും പേര് വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വ്യക്തികൾ വനം വകുപ്പിൽ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത സംഘടനയുടെ ഭാരവാഹികളുടെ ലഭ്യമായ പേര് വിവരങ്ങൾ ചുവടെ നൽകുന്നു . അംഗങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമല്ല .<br>1. പ്രസിഡന്റ് - ഡോ. കെ. പി. ഔസേപ്പ്( ഐ.എഫ്.എസ്) (റിട്ട)), മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.<br>2. വൈസ് പ്രസിഡന്റ് - ശ്രീ. ബി.ആർ. വിജയകുമാർ, (ഐ.എഫ്.എസ്)(റിട്ട) മുൻ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.<br>3. സെക്രട്ടറി - ശ്രീ. പാട്രിക് ഗോമസ് , (ഐ.എഫ്.എസ്) (റിട്ട) മുൻ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.<br>4. ട്രഷറർ - ശ്രീ. സി. രാജേന്ദ്രൻ (ഐ.എഫ്.എസ്) (റിട്ട) - മുൻ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്. |
| (സി) | പ്രസ്തുത സംഘടനയ്ക്ക് ഏതെങ്കിലും തരത്തിലുള്ള സർക്കാർ ഫണ്ടുകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ സംഘടനയുടെ രൂപീകരണം മുതൽ നാളിതുവരെ ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത | (സി) | പ്രസ്തുത സംഘടനയ്ക്ക് Kerala Forest Development Fund-ൽ നിന്നും വിവിധ പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തുക അനുവദിച്ചത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഏതൊക്കെ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുകകൾ അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ; | | 1989-ലെ Kerala Forest Development Fund Rule-ലെ സെക്ഷൻ 4-ലെ സബ് സെക്ഷൻ 3 (i) ൽ പ്രതിപാദിച്ചിരിക്കുന്ന വിധത്തിൽ രൂപീകരിക്കപ്പെട്ട Kerala Forest Development Fund Committee യാണ് വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത്. അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത സംഘടനയിലെ ആരുടെ പേരിലാണ് തുക അനുവദിക്കുന്നത്; ഏത് ബഡ്ജറ്റ് ഹെഡിൽ നിന്നുമാണ് തുക അനുവദിക്കുന്നതെന്നും ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് ഈ തുക അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ; പ്രസ്തുത തുക ഉപയോഗിച്ച് സംഘടന നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ഡി) | പ്രസ്തുത സംഘടനയിലെ പ്രസിഡന്റിന്റെ പേരിലാണ് തുക അനുവദിക്കുന്നത്. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള നടത്തിയ പ്രൊജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>കേരളത്തിലെ 14 ജില്ലകളിലേയും കാവുകളുടെ പഠനത്തെക്കുറിച്ചുള്ള 2 പ്രൊജക്ടുകളുണ്ട്. (1) Comprehensive Study of Sacred Groves in Kerala എന്ന പ്രോജക്ട് (2) Comprehensive Study on the Socio-economic and Cultural aspects of sacred groves in kerala remaining eight districts.<br><br>ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരളയുടെ മറ്റൊരു പ്രോജക്ടാണ് Total Evaluation of FDA. ഇതിൽ പ്രധാനമായും പങ്കാളിത്ത വനപരിപാലന പദ്ധതികളെക്കുറിച്ചും എൻട്രി പോയിന്റ് ആക്ടിവിറ്റീസ്, വന പരിപാലനത്തിൽ തദ്ദേശവാസികളുടെ പങ്ക് എന്നിവയെക്കുറിച്ചുള്ള പഠനവും ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള നടത്തുന്ന മറ്റൊരു പ്രോജക്ടാണ് A Study to review the performance of teak plantation raised during the last 15 years and suggest remedial Silvicultural measures എന്ന പ്രോജക്ടിൽ പ്രധാനമായും പഠനം നടത്തുന്നത് കേരളത്തിൽ കഴിഞ്ഞ 15 വർഷത്തിൽ നിർമ്മിച്ച തേക്ക് തോട്ടങ്ങളുടെ വളർച്ചയും അതിജീവനവുമാണ്. അതിന്റെ അടിസ്ഥാനത്തിൽ തേക്ക് തോട്ടങ്ങളിൽ നിന്നുള്ള തടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ നൽകുക എന്നത് പഠനത്തിന്റെ പ്രധാന ഉദ്ദേശ്യമാണ്.<br><br>Kerala Forest Development Fund-ൽ നിന്നും ഗവേഷണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്ന തുകയാണ് 2406-01-004-95-payment out of the Kerala Forest Development Fund for Research |

| | | | |
|---|---|---|---|
| | | | (NP) എന്ന ശീർഷകത്തിൽ ടി സംഘടനയ്ക്ക് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള തുകയാണോ പ്രസ്തുത സംഘടനയ്ക്ക് നൽകിയതെന്ന് അറിയിക്കാമോ; എങ്കിൽ വനം-വന്യജീവി സംരക്ഷണത്തിൽ വനം വകുപ്പിന് സഹായകരമായ എന്തൊക്കെ പ്രവർത്തനങ്ങളാണ് സംഘടന നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | വനം-വന്യജീവി സംരക്ഷണത്തിനായി നീക്കിവച്ച തുകയല്ല ടി സംഘടനയ്ക്ക് അനുവദിച്ചത്. വനം വകുപ്പ്, കാവുകൾ പോലെ വനത്തിന് പുറത്തുള്ള ജൈവവൈവിധ്യ പ്രാധാന്യമുള്ള ആവാസവ്യവസ്ഥകളുടെ പരിപാലന ത്തിനും സംരക്ഷണത്തിനുമായി സഹായം അനുവദിക്കുന്നുണ്ട്. കേരളത്തിലെ കാവുകളുടെ കൃത്യമായ എണ്ണവും ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങളും സംരക്ഷണ പ്രാധാന്യവും കാവുകളുടെ പഠനം വഴി ലഭ്യമായിട്ടുണ്ട്. പങ്കാളിത്ത വനപരിപാലനം വഴിയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ വനവികസന ഏജൻസികൾ വഴിയാണ് ഏകോപിപ്പിക്കുന്നത്. ഇതിന്റെ ഫലപ്രാപ്തി വിശകലനം ചെയ്യുന്ന തിനാണ് തൃശ്ശൂർ, തിരുവനന്തപുരം വനവികസന ഏജൻസികളുടെ (FDA) മൂല്യ നിർണ്ണയം പ്രസ്തുത സംഘടനയെ ഏൽപിച്ചത്. രണ്ടും മൂന്നും റൊട്ടേഷനിൽ വരുന്ന തേക്ക് തോട്ടങ്ങളിൽ നിന്നുള്ള തടി ഉൽപാദനം വിവിധ കാരണങ്ങളാൽ കുറയുന്നതായി പൊതുവെ വിലയിരുത്തിയിട്ടുണ്ട്. ഇത് പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനാണ് തേക്ക് തോട്ടങ്ങളുടെ പഠനത്തിനായി ഫണ്ട് അനുവദിച്ചത്. |
| (എഫ്) | നാളിതുവരെ പ്രസ്തുത സംഘടനയ്ക്ക് സർക്കാരിൽ നിന്നും അനുവദിച്ച തുക ചെലവഴിച്ചത് സംബന്ധിച്ച് വനം വകുപ്പോ മറ്റ് സർക്കാർ ഏജൻസികളോ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | സംഘടനയ്ക്ക് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ആഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കുന്നത്. വനം വകുപ്പ് നേരിട്ട് പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ